"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അംജദ്.കെ.പി.ഒ, സബ് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്ത് വരവെ അധികമായി കൈപ്പറ്റിയ തുക - 36 തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.192/2026/F&P തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. 10.03.2021 ലെ 24/2021/ധന നമ്പർ പരിപത്രം.
2. 18.03.2021 ലെ 26/2021/ധന നമ്പർ പരിപത്രം.
3. ഫിഷറീസ് ഡയറക്ടറുടെ 29/08/2025-ലെ DFTVM/1779/2025-P1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ മലപ്പുറം അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.അംജത്ത് കെ.പി.ഒ യ്ക്ക് സബ് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്ത് വരവെ 8 വർഷ ഹയർ ഗ്രേഡ് നൽകുകയും 21.11.2016-ന് അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ചപ്പോൾ റീ ഫിക്സേഷൻ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഒരു തസ്തികയിൽ ഹയർ ഗ്രേഡ് ലഭിച്ചിരിക്കെ പ്രമോഷൻ ലഭിക്കുമ്പോൾ നൽകേണ്ടുന്ന ഫിക്സേഷൻ രീതിയിൽ അല്ല ടിയാന്റെ ഫിക്സേഷൻ നടത്തിയതെന്നും ആയതിനാൽ തുടർന്നും തെറ്റായ രീതിയിൽ ആണ് ടിയാൻ ശമ്പളം കൈപ്പറ്റിയതെന്നും ഇതുപ്രകാരം ശ്രീ.അംജദ്.കെ.പി.ഒ 21.11.2016 മുതൽ 31.03.2025 വരെ 2,46,458/- രൂപ അധികമായി കൈപ്പറ്റിയതായി ഉത്തരമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ ആഭ്യന്തര പരിശോധനയിൽ കണ്ടെത്തുകയും അധികമായി കണ്ടെത്തിയ ടി തുക സർക്കാരിലേക്ക് തിരിച്ചടയക്കുന്നതിനായി ടിയാനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. എന്നാൽ പേ ഫിക്സേഷനുമായി ബന്ധപെട്ട് ജില്ലാ ഓഫീസിന് പറ്റിയ പിഴവായതിനാലും ശ്രീ.അംജദ്.കെ.പി.ഒ-യ്ക്ക് ഈ വിഷയത്തിൽ നേരിട്ട് ബന്ധമില്ലാത്തതിനാലും, ടിയാന്റെ അപേക്ഷ കണക്കിലെടുത്ത് മാനുഷിക പരിഗണയുടെ അടിസ്ഥാനത്തിൽ ടിയാൻ ശമ്പള ഇനത്തിൽ അധികം വാങ്ങിയ തുക 77 തവണകളായി തിരിച്ചടക്കുന്നതിനുള്ള അനുമതി നൽകണമെന്ന ശ്രീ.അംജദ്.കെ.പി.ഒ-യുടെ അപേക്ഷ പരാമർശം(3)-ലെ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അംജദ്.കെ.പി.ഒ -യ്ക്ക് ഈ വിഷയത്തിൽ നേരിട്ട് ബന്ധമില്ലാത്തതിനാലും പേ ഫിക്സേഷനുമായി ബന്ധപ്പെട്ട് പറ്റിയ

പിഴവായതിനാലും ടി തുക ഒരുമിച്ച് തിരിച്ചടക്കുന്നതു മൂലം സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്നും ടിയാന്റെ വിരമിക്കൽ 31/05/2033 ആണെന്നും ഉള്ള വസ്തുതകൾ കണക്കാക്കി മാനുഷിക പരിഗണന നൽകി ശ്രീ. അംജദ്.കെ.പി.ഒ അധികമായി കൈപ്പറ്റിയ 2,46,458/- രൂപ 36 തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREEJA S S

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (08/02/2026 ലെ No.3300103/WCD-2/262/2025-FIN നമ്പർ അനൗ.കുറിപ്പ് പ്രകാരം)

ശ്രീ.അംജദ്.കെ.പി.ഒ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം (e-3259777 എ1/218/2025-മ.ത്സ.വ)

ഉത്തരവിൻ പ്രകാരം

Signed by

Aswathy M L

Date: 05-03-2026 15:46:55

സെക്ഷൻ ഓഫീസർ